ജയചന്ദ്രൻനായരുടെ കണ്ണ് തകർത്ത സംഭവം

73 (3263) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ കളർകോട് ഡി.വൈ.എഫ്.ഐ. പ്രവർത്തകൻ ആയിരുന്ന ജയചന്ദ്രൻ നായരുടെ കണ്ണുതകർത്ത പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ അവരുടെ പേര് വിവരങ്ങൾ നൽകുമോ ;

(സി) കണ്ണുപോയ ജയചന്ദ്രൻ നായർക്ക് പ്രതികളിൽ നിന്നും മതിയായ നഷ്ടപരിഹാരം വാങ്ങി നൽകിയിട്ടുണ്ടോ ;

(ഡി) സർക്കാരിൽ നിന്നും ജയചന്ദ്രൻ നായർക്ക് എന്തെങ്കിലും സഹായധനം നൽകിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ മതിയായ ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ;

(എഫ്) ജയചന്ദ്രൻനായരെ ആക്രമിച്ച കേസ്സിൽ പ്രതികളായ മദ്യമാഫിയാ സംഘങ്ങൾക്കെതിരെ തക്കസമയത്ത് ശക്തമായ നടപടി എടുക്കാതിരുന്ന ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. ബൈജു
2. അനിൽകുമാർ
3. മണിക്കുട്ടൻ
4. അഫ്സൽ
5. വിമൽകുമാർ

(സി) പ്രതികളുടെ പേരിൽ ചാർജ്ജ് ഷീറ്റ് ആലപ്പുഴ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി 1-ൽ ഹാജരാക്കിയിട്ടുള്ളതും കോടതിയിൽ സി.പി. 7/2000 ആയി വിചാരണയിലുമാണ്.

(ഡി & ഇ) ആവശ്യമെന്ന് കണ്ടാൽ പരിഗണിക്കുന്നതാണ്.

(എഫ്) ജയചന്ദ്രൻ നായരെ ആക്രമിച്ചവർക്കെതിരെ യഥാസമയത്ത് തന്നെ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വേണ്ട നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly